# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 409 — 28.10.2019-ൽ മറുപടിക്ക്

## ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ ഉൾപ്പെടെയുള്ളവരുമായി പല തലത്തിലുള്ള ചർച്ചകൾ നടന്നിട്ടുള്ളതാണ്. നിലവിൽ ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ്ഡിവിഷൻ സ്ഥിതി ചെയ്യുന്ന ക്യാമ്പസിൽ നിന്നും 50 സെന്റ് സ്ഥലം പുരാവസ്തു വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്, ആ സ്ഥലത്ത് നിലവിലുള്ള കെട്ടിടം അറ്റകുറ്റ പ്രവർത്തികൾ നടത്തി മ്യൂസിയം സജ്ജീകരിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. സാംസ്കാരിക കാര്യ വകുപ്പിലെ മ്യൂസിയം സജ്ജീകരണത്തിനുള്ള നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള വഴി ടി മ്യൂസിയം സജ്ജീകരിക്കാനാണ് നിലവിൽ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ട്രാംവെ റെയിൽ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും, നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ? | (ബി) | 2019-20 സാമ്പത്തിക വർഷം ചാലക്കുടി ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിനായി പദ്ധതി വിഹിതം ഒന്നും തന്നെ നീക്കി വെച്ചിട്ടില്ല. ബഹു.ചാലക്കുടി എം.എൽ.എ അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒന്നാം ഘട്ട പ്രവർത്തികൾക്കായി തുക അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ